പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 6167 — 02.04. 2018 ൽ മറുപടിക്ക്

**അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പി.എസ്.സി. വഴി നേരിട്ടുള്ള നിയമനം**

ചോദ്യം

ശ്രീ.എ.എം.ആരിഫ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) കെ.എസ്.ഇ.ബിയിൽ സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ൽ അനുശാസിച്ചിട്ടുള്ള യോഗ്യതാ മാനദണ്ഡങ്ങൾനടപ്പിലാക്കാനുള്ള കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നൽകിയ നിർദ്ദേശം നടപ്പിലാക്കി തുടങ്ങിയോ; വ്യക്തമാക്കുമോ; | (എ) സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷൻ 2010-ൽ അനുശാസിച്ചിട്ടുള്ള വ്യവസ്ഥകൾ കെ.എസ്.ഇ.ബി.എൽ നടപ്പിലാക്കുന്നതിന്റെ വിവിധ വശങ്ങൾ പഠിക്കുവാനും റിപ്പോർട്ട് സമർപ്പിക്കുവാനുമായി ബോർഡ് ഉന്നത ഉദ്യോഗസ്ഥർ അടങ്ങുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയുണ്ടായി. പ്രസ്തുത കമ്മിറ്റി വിശദമായ പഠനത്തിനു ശേഷം സെൻട്രൽ ഇലക്ട്രിസിറ്റി അതോറിറ്റി സേഫ്റ്റി റെഗുലേഷനുകൾക്ക് അനുസൃതമായിട്ടുള്ള പുതിയ നിയമന-സ്ഥാനക്കയറ്റ പരിശീലന പദ്ധതികൾ ബോർഡിന് സമർപ്പിക്കുകയുണ്ടായി. ആയത് ഇപ്പോൾ ബോർഡിന്റെ പരിഗണനയിൽ ആണ് |
| (ബി) ഇതിന്റെ ഭാഗമായി അസിസ്റ്റന്റ് എൻജിനീയർ (ഇലക്ട്രിക്കൽ) തസ്തികയിലെ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനം 40 ശതമാനത്തിൽ നിന്നും 60 ശതമാനമായി ഉയർത്തുവാനുള്ള നിർദ്ദേശം സി.ഇ.എ. റെഗുലേഷൻ ഇംപ്ലിമെന്റേഷൻ കമ്മിറ്റി ബോർഡിന് മുൻപാകെ സമർപ്പിച്ചിട്ടുള്ളത് എപ്പോൾ നടപ്പിലാക്കും എന്ന് വെളിപ്പെടുത്തുമോ; | (ബി) ബോർഡിന്റെ പരിഗണനയിൽ ആണ്. |
| (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് കോഴിക്കോട് ഐ.ഐ.എം. സമർപ്പിച്ച പഠന റിപ്പോർട്ടിൽ പ്രസ്തുത തസ്തികയുടെ പി.എസ്.സി. വഴിയുള്ള നേരിട്ടുള്ള നിയമനം 40 ശതമാനത്തിൽ നിന്നും 50 ശതമാനമായി ഉയർത്തുവാനുള്ള നിർദ്ദേശം നടപ്പിലാക്കുവാൻ എന്തെല്ലാം നടപടി ക്രമങ്ങളാണ് ബോർഡ് ഇതുവരെ എടുത്തത്; അതിന്റെ പുരോഗതിയും അത് എപ്പോൾ നടപ്പിലാക്കും എന്നുള്ള വിവരവും നൽകാമോ? | (സി) ഐ.ഐ.എം കോഴിക്കോട് സമർപ്പിച്ച നിർദ്ദേശങ്ങൾ പഠിച്ച് വേണ്ട ചർച്ചകൾ നടത്തി നടപ്പിലാക്കേണ്ടതിലേയ്ക്കായി ഡയറക്ടർ (ഫിനാൻസ്) അദ്ധ്യക്ഷനും, ചീഫ് എൻജിനീയർ (എച്ച്.ആർ.എം) കൺവീനറായും, ഫുൾടൈം ഡയറക്ടേഴ്സ് അംഗങ്ങളുമായിട്ടുള്ള ഒരു ഉന്നത അധികാര സമിതിയെ കെ.എസ്.ഇ.ബി.എൽ ചുമതലപ്പെടുത്തി. പ്രസ്തുത കമ്മിറ്റി ഇത് സംബന്ധിച്ച് ചർച്ചകൾ നടത്തുകയും കമ്മിറ്റിയുടെ ശുപാർശകൾ ഫുൾടൈം ഡയറക്ടേഴ്സിന് മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ഈ വിഷയം ഇപ്പോൾ ഫുൾടൈം ഡയറക്ടേഴ്സിന്റെ പരിഗണനയിൽ ആണ്. |

സെക്ഷൻ ഓഫീസർ